# വചനവിചിന്തനം - 2010 ഫെബ്രുവരി 21, ഞായർ

മത്തായി 7: 21 -28

## വചനത്തിന്റെ അടിസ്ഥാനത്തിൽ വീട് പണിത വിവേകമതിയായ മനുഷ്യൻ.

ബലമുള്ളവർ സ്വർഗ്ഗരാജ്യം പിടിച്ചെടുക്കുമെന്ന സ്നാപകന്റെ പ്രസ്താവനയും, ആഴത്തിൽ കുഴിച്ച്, പാറമേൽ അടിസ്ഥാനമിട്ട ഭവനം കാറ്റിനേയും വെള്ളപ്പൊക്കത്തേയും അതിജീവിക്കുമെന്ന ക്രിസ്തുവചനവും, ശോധനയുടെ ദിനങ്ങളിൽ നിലനില്ക്കുന്ന പണി മാത്രമേ ആദരിക്കപ്പെടൂ, അതുകൊണ്ട് പുല്ലും, വയ്ക്കോലും ഉപയോഗിച്ച് പണിയരുതെന്ന ശ്ലീഹായുടെ ഓർമ്മപ്പെടുത്തലുമെല്ലാം ഓരോരുത്തരും എങ്ങനെ തങ്ങളുടെ ആത്മീയത രൂപപ്പെടുത്തണം എന്ന വചനപാഠമാണ്.

ജലപ്രവാഹവും കാറ്റുമൊക്കെ ആരുടെയും ജീവിതത്തിലെ ക്രമങ്ങളെ തെറ്റിക്കുന്ന സാധാരണ സംഭവങ്ങളാണ്. അതിജീവനത്തിന്റെ മാനദണ്ഡം സൗധം എത്ര ഉയർന്നതാണെന്നല്ല, എന്തിലാണ് അസ്ഥിവാരമിട്ടിരിക്കുന്നത് എന്നതാണ്. പാറമേലാണ് അടിസ്ഥാനമെങ്കിൽ ആശങ്കയ്ക്ക് ഇടമില്ല. ആത്മീയതയും പണിയപ്പെടുന്നതിന്റെ അടിസ്ഥാനമിതാണ്. അടിസ്ഥാനമിടുന്ന പാറ വചനമാകണം. അവൻ വിവേകമതിയാണ് എന്നതാണ് ക്രിസ്തുവിന്റെ വിലയിരുത്തൽ. ഈ വചനം വ്യാഖ്യാനിക്കപ്പെടേണ്ടത് സിദ്ധാന്തങ്ങളുടെയും വിമർശനങ്ങളുടെയും അക്കാദമിക് തലത്തിലല്ല. ജീവിതാനുഭവങ്ങളുടെ പാഠശാലയിലാണ്.

**ഒരു കുടുംബനാഥൻ** :- വിവാഹം കഴിഞ്ഞിട്ട് ചുരുങ്ങിയ നാളുകൾക്കുള്ളിൽ തിരിച്ചറിഞ്ഞതാണ് തന്റെ ഭാര്യ മാനസീകരോഗിയാണെന്ന്. പക്ഷേ അയാൾ കൂടുതൽ സ്നേഹിച്ചതേയുള്ളു, ഉപേക്ഷിച്ചില്ല. ആദ്യം ഉണ്ടായ രണ്ടുമക്കളും പഠിക്കാൻ സമർത്ഥരായിരുന്നു. പക്ഷേ ചെറിയ ഇടവേളകളിൽ രണ്ടു മക്കളും മാനസീകാസ്വാസ്ഥ്യങ്ങൾ പ്രകടിപ്പിച്ചു ചികിൽസയിലായി. ഇളയ മകനായിരുന്നു അയാൾക്ക് എന്തിലും തുണ. അപ്രതീക്ഷിതമായി അവനും depression. തുടർന്ന് ഒരു രാത്രി ഇരുണ്ടു വെളുക്കുന്നതിനു മുമ്പ് ഒരു മരക്കൊമ്പിൽ അവന്റെ ജീവനും പൊലിഞ്ഞു. ആ സംസ്കാരശുശ്രൂഷയ്ക്ക് ശേഷം ഒരു ഭാഗത്ത് ഭാര്യയേയും രണ്ടു മക്കളേയും ചേർത്തുപിടിച്ച് ആ മനുഷ്യൻ വിതുമ്പാത്ത അധരങ്ങളോടെ ഇങ്ങനെ പറഞ്ഞു - “ആകെയുണ്ടായിരുന്ന ബലം അവനായിരുന്നു, അവനും പോയി പക്ഷേ ദൈവം എന്നെ കൈവിടില്ല അച്ചാ.”!

ചെറിയ കാര്യങ്ങളിൽ ഇടറുന്നവരോട് അയാൾ പറഞ്ഞ സുവിശേഷമാണ് ഇത്. ഇയാളെപ്പറ്റിയാണ് ക്രിസ്തു വിവേകമതിയായ മനുഷ്യൻ എന്ന് പറഞ്ഞത്. - കാരണം വചനത്തിന്മേൽ തന്റെ ആത്മീയത പണിതവൻ, ഒരു പ്രവാഹത്തിനുമായില്ല അതിന്റെ അടിത്തറ ഇളക്കാൻ.

**ഒരു കന്യാസ്ത്രീ** :- ഇൻഡോറിലെ റാണി മരിയ. ഇരുപതലധികം മാരകമായ കുത്തുകൾ ഏറ്റ് നടുറോഡിൽ രക്തം വർന്ന് മരിച്ചവൾ. ഘാതകനായ ആ മനുഷ്യൻ ഒരിക്കൽ കേരളത്തിൽ റാണി മരിയയുടെ വീട്ടിലെത്തി നനവാർന്ന മിഴികളോടും കുറ്റബോധത്തോടും കൂടി സിസ്റ്ററുടെ മാതാപിതാക്കളുടെ മുമ്പിൽ നില്ക്കുമ്പോൾ അമ്മ അവനെ പിടിച്ചിരുത്തി അവൾ വച്ച ചോറ് അവന്റെ പാത്രത്തിലേയ്ക്ക് വിളമ്പിയിട്ടു. ഇടനെഞ്ചു

പൊട്ടുമ്പോഴും, മകളെ കൊന്നവനോട് ക്ഷമിച്ച് സ്നേഹം വിളമ്പിയ അമ്മയ്ക്കുമുമ്പിൽ വിതുമ്പുകയായിരുന്നില്ല ആ ക്രൂരനായ മനുഷ്യൻ, നിലവിളിക്കുകയായിരുന്നു.

ഇങ്ങനെ ഭവനം പണിയണമെന്നാണ് ക്രിസ്തു പഠിപ്പിച്ചത്.

P U Thomas:- കോട്ടയം നവജീവനിലെ തോമസുചേട്ടൻ - ദിവസം തോറും ആയിരക്കണക്കിനു രോഗികൾക്കു വച്ചുവിളമ്പുന്നവൻ. ഒരു മാനസീകാരോഗ്യകേന്ദ്രം നടത്തി, സ്വന്തം കുടുംബാംഗങ്ങളെപ്പോലെ അവരെ സ്നേഹിക്കുന്നവൻ. പെൺമക്കൾ മാത്രമുണ്ടായിരുന്ന തോമസുചേട്ടൻ ഏറെ കാത്തിരുന്നുണ്ടായ ആൺതരി പക്ഷേ പിറന്നു വീണത് തളർവാതം ബാധിച്ച്. ഏറെ സ്നേഹത്തോടെ പോറ്റിയ ആ കുഞ്ഞ് ഏഴ് വർഷങ്ങളെ ജീവിച്ചിരുന്നുള്ളു ഈ ഭൂമിയിൽ.

ഒരു മാധ്യമസുഹൃത്ത് ചോദിച്ചു "എന്തേ ഇത്രയും നന്മ ചെയ്തിട്ടും നിങ്ങൾക്ക് ഇങ്ങനെ വരാൻ ദൈവം അനുവദിച്ചു? " തോമസുചേട്ടൻ ഇങ്ങനെയാ മറുപടി പറഞ്ഞത്. "ദൈവത്തിന് ഒരു തളർവാതരോഗിയായ കുഞ്ഞിനെ ഭൂമിയിലേയ്ക്ക് വിടാനുണ്ടായിരുന്നു. ദൈവം ചിന്തിച്ചു ഈ കുഞ്ഞിനെ ഏഴു വർഷത്തേയ്ക്ക് ഭൂമിയിലേയ്ക്ക് വിട്ടാൽ ഞാൻ നോക്കുന്നതുപോലെ ആരുകരുതും അവനെ? ദൈവം പറഞ്ഞു ഞാൻ ഈ കുഞ്ഞിനെ തോമസിനു നൽകും. ഞാൻ ആ കുഞ്ഞിനെ ദൈവം കരുതിയതുപോലെ നോക്കി ഏഴു വർഷങ്ങൾ! ദൈവം തിരികെ കൊണ്ടുപോയി."

"ഞാൻ അഭിമാനിക്കുന്നു. കാരണം ദൈവത്തിന് എന്നിലുള്ള വിശ്വാസമാണിത്. അവൻ എനിക്കു തന്ന അംഗീകാരമുദ്രയാണിത്." ഹൃദയത്തിൽ ദൈവത്തിന്റെ കൈയ്യൊപ്പു നേടിയവൻ. വിവേകമതി!

നിന്റെ ആത്മീയ സൗധങ്ങൾ പണിതുയർത്തുന്നതിന്റെ അടിസ്ഥാനം വൈകാരികതയാകരുത്. രോഗശാന്തിയിലും അത്ഭുതങ്ങളിലും മാത്രം അഭിരമിക്കുന്ന വിശ്വാസ മനസ്സ് പൂഴി മണ്ണുപോലെ. അതിൽ നിന്റെ ആത്മീയത പണിതുയർത്തിയാൽ ഏതൊരു കാറ്റും ഏതൊരു പ്രവാഹവും അതിനെ തകർത്തെറിയും അതുകൊണ്ട് വചനത്തിന്മേൽ നിന്റെ ആത്മീയപരിസരം രൂപപ്പെടുത്തുക.

**ഫാ. അലക്സ് വേലച്ചേരി.**